ഉത്തരം

(എ & ബി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് കൈമാറ്റം സംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ പരിഗണനയിലാണ്. കമ്മീഷന്റെ ശുപാർശകൾ ലഭിച്ചശേഷം മാത്രമേ സർക്കാരിന് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുവാൻ സാധിക്കൂ.

നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി

100 (6018) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സാജു പോൾ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുസ്ഥിര നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) റോഡുകളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത് ;

(സി) കേരള ലോക്കൽ ഗവൺമെന്റ് ഡവലപ്മെന്റ് ഫണ്ടിൽനിന്നും ഇതിനകം എത്ര കോടി രൂപ വായ്പ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) നഗരങ്ങളിലെ ശുദ്ധജല വിതരണം, ഖരമാലിന്യ നിർമ്മാർജ്ജനം, സിവറേജ്, റോഡുകളുടെ വികസനം തുടങ്ങിയവയാണ് സുസ്ഥിര നഗര വികസന പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.സുരക്ഷിതമായ കുടിവെള്ള സംഭരണവും വിതരണവും, ഖര-ജല മാലിന്യങ്ങളുടെ ശാസ്ത്രീയമായ നിർമ്മാർജ്ജനം, നഗര ദാരിദ്ര്യ ലഘൂകരണം, ഗതാഗത യോഗ്യമല്ലാത്ത തെരഞ്ഞടുക്കപ്പെട്ട റോഡുകളുടെ പുനരുദ്ധാരണം, ഇടുങ്ങിയ ജംഗ്ഷനുകളുടെ വീതികൂട്ടലും നവീകരണവും തുടങ്ങി നഗര പ്രദേശങ്ങളുടെ സമ്പൂർണ്ണവും സുസ്ഥിരവുമായ വളർച്ചക്ക് ഉതകുന്ന വിധമാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

തദ്ദേശ ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും സേവനങ്ങളുടെ ശേഷി വർദ്ധിപ്പിക്കാനും സാമൂഹ്യ പങ്കാളിത്തത്തോടുള്ള സമീപനവും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് നഗര സഭകളിലായി 184.22 കോടി രൂപയുടെ താഴെപ്പറയുന്ന റോഡ് നവീകരണ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1) തിരുവനന്തപുരം

പൂജപ്പുര-തിരുമല-വലിയവിള-പേയാട് റോഡ്, അട്ടക്കുളങ്ങര മുതൽ എൻ.എച്ച് ബൈപ്പാസ് റോഡ്.

LIBRARY ARCHIVES Kerala Legislative Assembly

2) കൊല്ലം

മുനിശ്വരം-കപ്പലണ്ടിമുക്ക് റോഡ് നവീകരണം, ചിന്നക്കട അണ്ടർപ്പാസ് നിർമ്മാണം, വിവിധ ജംഗ്ഷനുകളുടെ നവീകരണം.

3) കൊച്ചി

സഹോദരൻ അയ്യപ്പൻ റോഡ്, സഹോദരൻ അയ്യപ്പൻ റോഡിൽ പുതിയ പാലം, ഇടപ്പള്ളി ഹൈക്കോർട്ട് റോഡ്.

4) തൃശൂർ

സ്വരാജ് റൗണ്ട് റോഡ്, കുറുപ്പം റോഡ്, സ്വരാജ് റോഡ് മുതൽ പാട്ടുരയ്ക്കൽ വരെയുള്ള ഷൊർണ്ണൂർ റോഡ്, എം, ജി, റോഡ്, സ്വരാജ് റോഡ് മുതൽ മാതൃഭൂമി സർക്കിൾ വരെയുള്ള എം. ഒ. റോഡ് പോസ്റ്റാഫീസ് റോഡ് എന്നിവയുടെ വികസനം സ്വരാജ് റൗണ്ടിലെ സബ്‌വേയുടെ നിർമ്മാണം. ചിയ്യാരം എറണാകുളം റോഡിന്റെയും കൂർക്കഞ്ചേരി കൊടുങ്ങല്ലൂർ റോഡിന്റെയും പുനരുദ്ധാരണം.

5) കോഴിക്കോട്

അരയിടത്തു പാലം-ഇരഞ്ഞിപ്പാലം മിനി ബൈപ്പാസ് നവീകരണവും പുതിയ മേൽപ്പാലത്തിന്റെ നിർമ്മാണവും .

ഫ്രാൻസിസ് റോഡ്, എം.എം.അലി പാളയം റോഡ്, റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ്, റെഡ്ക്രോസ് റോഡ്, പവമണി റോഡ്, മാവൂർ റോഡ്, രാജാജി റോഡ്-രാംമോഹൻ റോഡ്, മൂന്നാലുംകൂൽ ജംഗ്ഷൻ വരെയുള്ള പി. ടി. ഉഷ റോഡ്, എസ്.എം.റോഡ് എന്നീ റോഡുകളുടെ നവീകരണവും കോഴിക്കോട് റോഡ് വർക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) കേരള ലോക്കൽ ഗവൺമെന്റ് ഡവലപ്മെന്റ് ഫണ്ടിൽ നിന്നും ഇക്കാര്യത്തിനായി വായ്പ അനുവദിച്ചിട്ടില്ല.

ചെറുകിട ഇടത്തരം നഗരങ്ങളുടെ പശ്ചാത്തല സൗകര്യ വികസന നിധി

101 (6019) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ഇടത്തരം നഗരങ്ങളുടെ പശ്ചാത്തല സൗകര്യ വികസനം സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ ;

(ബി) ചെറുകിട ഇടത്തരം നഗരങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി 2005-2006 മുതൽ 2010-2011 വരെയുള്ള വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് എത്ര രൂപയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിലെ ചെറുകിട ഇടത്തരം നഗരങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി ഏറ്റെടുത്ത പ്രവൃത്തികൾ ഏതല്ലാമെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly